# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **451**

**10.06.2014**- ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ പലിശ നിരക്ക്</u>

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.രാജു | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) വാണിജ്യ ബാങ്കുകളിലേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലേയും നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കും സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കും തമ്മിൽ വ്യത്യാസമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള വ്യത്യാസം വ്യക്തമാക്കുമോ; | (എ) പരിശോധിച്ചിട്ടുണ്ട്. വാണിജ്യ ബാങ്കുകളിലേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലേയും നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കും സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കും തമ്മിൽ നിക്ഷേപങ്ങളുടെ കാലയളവിനനുസരിച്ച 1/2% മുതൽ 2% വരെ വ്യത്യാസമുണ്ട്. |
| ബി) ഈ വ്യത്യാസം ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) സഹകരണ ബാങ്കുകൾക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള കേന്ദ്ര, സംസ്ഥാന സർക്കാർ ഫണ്ടുകൾ മറ്റ് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള ഫണ്ടുകൾ തുടങ്ങിയവ ലഭിക്കാത്ത സാഹചര്യത്തിൽ വ്യക്തിഗത നിക്ഷേപങ്ങളേയും മറ്റ് സ്ഥാപനങ്ങളിലെ നിക്ഷേപങ്ങളേയുമാണ് പ്രധാനമായും സഹകരണ സംഘങ്ങൾ ആശ്രയിക്കുന്നത്. ആയതിനാൽ തന്നെ മറ്റ് ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് നേരിയ പലിശ വർദ്ധനവ് സഹകരണ ബാങ്കുകൾ നൽകുന്നുണ്ട്. സഹകരണ മേഖലയിലെ നിക്ഷേപം കൂടുതൽ ആകർഷകമാക്കുന്നതിന് ഇപ്രകാരമുള്ള പലിശ വ്യത്യാസം അത്യാവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**